LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി ആകെ 209 പേർക്ക് ധനസഹായം അനുവദിച്ചു. ആയതുസംബന്ധിച്ച വിശദവിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ വിവിധ സാനിറ്റേഷൻ പദ്ധതികളിലായി ആകെ 282 പേർക്ക് ധനസഹായം അനുവദിച്ചു. ആയത് സംബന്ധിച്ച വിശദവിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) വിശദ വിവരം അനുബന്ധം (സി)ആയി ചേർത്തിരിക്കുന്നു.*

(ഡി) ആകെ അനുവദിക്കുന്ന യൂണിറ്റുകളിൽനിന്നും 10 ശതമാനം ഗുണഭോക്താക്കളെ സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് തെരഞ്ഞെടുക്കുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ-പരിശീലന കേന്ദ്രം

153 (2972) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണത്തിനും പരിശീലനത്തിനുമായി താനൂർ നിയോജകമണ്ഡലത്തിലെ ഉള്ള്യാലിൽ ആരംഭിക്കുന്ന കേന്ദ്രത്തിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) എത്ര തുകയാണ് ഈ പദ്ധതിക്കായി നബാർഡിൽനിന്ന് ലഭ്യമായിട്ടുള്ളത് ;

(സി) പ്രസ്തുത കേന്ദ്രം എന്നത്തേക്ക് ആരംഭിക്കാനാകും ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഉള്ള്യാൽ മത്സ്യഗ്രാമത്തിലുള്ള ഫിഷറീസ് വകുപ്പിന്റെ സ്ഥലത്ത് ഒരു ഫിഷറീസ് എക്സ്റ്റൻഷൻ-കം-ട്രെയിനിംഗ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സെന്റർ സ്ഥാപിക്കുന്നതിന് 88.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത സെന്ററിന്റെ നിർമ്മാണത്തിന്റെ തുടർനടപടികൾ സ്വീകരിക്കാൻ പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നിൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി 75.48 ലക്ഷംരൂപയുടെ ലോണാണ് നബാർഡ് നൽകുന്നത്. ഇതിന്റെ ആദ്യ ഗഡുവായി 15.1 ലക്ഷംരൂപ നബാർഡ് നൽകി യിട്ടുണ്ട്.

(സി) പ്രസ്തുത കേന്ദ്രം മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. നബാർഡിന്റെ മാർഗ്ഗരേഖ പ്രകാരം 2017 മാർച്ച് 31-ാം തീയതിക്കകം ടി പദ്ധതി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ 2016 ജൂലൈ മാസത്തോടുകൂടി ഈ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആറന്മുള വിമാനത്താവളം

154 (2973) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവളത്തിന് അനുമതി നിഷേധിച്ച കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കേന്ദ്രത്തിലെ ഏതൊക്കെ മന്ത്രാലയങ്ങളാണ് ആറന്മുള വിമാന ത്താവളത്തിന് അനുമതി നിഷേധിച്ച് ഉത്തരവ് ഇറക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; ഇവയുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആറന്മുള വിമാനത്താവളം നടപ്പാക്കുന്നതിനെക്കുറിച്ചുള്ള നിലപാട് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ആറന്മുള വിമാനത്താവളത്തിന് കേന്ദ്ര പ്രതിരോധ മന്ത്രാലയം നൽകിയ എൻ.ഒ.സി. പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ ആറന്മുള വിമാന പദ്ധതിക്ക് നൽകിയ 'In Principle' അംഗീകാരം പിൻവലിച്ചതായി കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly